**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3428** **26-06-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം വെസ്റ്റ് വില്ലേജിലെ മത്സ്യഗ്രാമങ്ങളിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ഉൾപ്പെടുന്ന പള്ളിത്തോട്ടം മൂതാക്കര മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത മേഖലയിൽ പട്ടയം അനുവദിക്കുന്നതിന് സർവ്വെ ഓഫ് ഇന്ത്യയുടെ അനുമതിയോടെ സർവ്വെ നടപടികൾ ആരംഭിക്കുന്നതിനാവശ്യമായ കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 194, 196, 197, 198 എന്നിവയിൽ ഉൾപ്പെട്ടുവരുന്ന, "കടൽ പുറമ്പോക്ക്" എന്ന് ലാൻഡ് രജിസ്റ്ററിലും, ബി.ടി.ആറിലും രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഇനം "തരിശ്" എന്ന് മാറ്റുന്നതിനും, പ്രസ്തുത ഭൂമിയിൽ മറ്റ തരത്തിലുള്ള അർഹത ഉറപ്പ് വരുത്തി, നിലവിലെ കൈവശങ്ങൾക്ക് 1995-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നതിനും പതിവധികാരിക്ക് അനുമതി നൽകിക്കൊണ്ട് G.O.(Ms).No 106/2024/RD dated 22.06.2024 നമ്പർ സർക്കാർ ഉത്തരവ് (അനുബന്ധമായി ചേർക്കുന്നു) പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൊല്ലം വെസ്റ്റ് വില്ലേജിലെ പള്ളിത്തോട്ടം മുതൽ മുതാക്കര വരെയുള്ള കടൽ തീരം മേഖലയിൽ 50 വർഷത്തിലധികമായ മത്സ്യതൊഴിലാളികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. ഈ പ്രദേശങ്ങൾ കടൽ തീരത്ത് നിന്നും 150 മുതൽ 200 മീറ്റർ വരെ ദൂരത്തിലാണെന്നും, ഇതിനിടയിലായി 25 മീറ്റർ വീതിയുള്ള റോഡ് ഉണ്ടെന്നുള്ളതും പരിഗണിച്ച് 1995-ലെ ഭൂ പതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന ദൂരപരിധിക്ക് പുറത്താണെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കടൽ പുറമ്പോക്കിൽനിന്നും മാറ്റി തരിശാക്കി പതിച്ച് കൊടുക്കാൻ സർക്കാർ തീരുമാനിച്ചത്.<br><br>കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 196, 198 എന്നിവയിൽ ഉൾപ്പെട്ട ഭൂമിയുടെ സർവേ നടപടികൾ പൂർത്തിയായിട്ടുള്ളതും, ബ്ലോക്ക് 197-ലെ സർവേ നടപടികൾ തുടർന്ന് വരുന്നതുമാണ്. ബ്ലോക്ക് 194-ൽ സർവേ നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 194, 196, 197, 198 എന്നിവയിൽ ഉൾപ്പെട്ടു വരുന്ന, "കടൽ പുറമ്പോക്ക്" എന്ന് ലാൻഡ് രജിസ്റ്ററിലും ബി.ടി.ആറിലും രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഇനം "തരിശ്" എന്ന് മാറ്റുന്നതിനും, പ്രസ്തുത ഭൂമിയിൽ മറ്റു തരത്തിലുള്ള അർഹത ഉറപ്പ് വരുത്തി, നിലവിലെ കൈവശക്കാർക്ക് 1995-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകികൊണ്ടും - ഉത്തരവാകുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.106/2024/RD തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:-

1. കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി, ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ (G-211201414) വഴി ലഭ്യമായ, കൊല്ലം പള്ളിത്തോട്ടം മുതൽ മൂതാക്കര വരെയുള്ള തീരദേശവാസികൾ സമർപ്പിച്ച നിവേദനം.
2. കൊല്ലം ജില്ലാ കളക്ടറുടെ 24.11.2023, 16.01.2024 തീയതിയിലെ DCKLM/11402/2021-L1 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19.01.2024-ലെ LR/7921/2021-LR(J9) (PM-SC-1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ, കൊല്ലം വെസ്റ്റ് വില്ലേജിൽപ്പെട്ട പള്ളിത്തോട്ടം മുതൽ മൂതാക്കര വരെയുള്ള തീരദേശ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള തീരദേശവാസികളുടെ നിവേദനം പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമായിരുന്നു.

2) കൊല്ലം വെസ്റ്റ് വില്ലേജിലെ പള്ളിത്തോട്ടം മുതൽ മൂതാക്കര വരെയുള്ള തീരമേഖലയിൽ 50 വർഷത്തിലേറെയായി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ താമസിച്ചു വരുന്നുവെന്നും, മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ഏകദേശം 500-ൽപ്പരം കുടുംബങ്ങൾ വർഷങ്ങളായി ചെറിയ വീടുകളും കുടിലുകളും വച്ച് താമസിച്ചു വരുന്നുവെന്നും, എല്ലാ കുടുംബങ്ങളും മത്സ്യബന്ധനം തൊഴിലാക്കിയിട്ടുള്ള, വളരെ പാവപ്പെട്ട കുടുംബങ്ങളാണെന്നും, ഓരോ കുടുംബത്തിന്റേയും കൈവശം 1 സെന്റ് മുതൽ 2 സെന്റ് വരെ മാത്രമേ കൈവശമുള്ളൂവെന്നും, ഈ കുടുംബങ്ങൾക്കെല്ലാം റേഷൻ കാർഡും വൈദ്യുതിയും വളരെ വർഷങ്ങൾക്ക് മുൻപ് തന്നെ ലഭിച്ചിട്ടുള്ളതാണെന്നും പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) ടി പ്രദേശങ്ങളിൽ, സുനാമി ഫ്ലാറ്റുകളും, അതിൽ 100-ന് മേൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ താമസിച്ചു വരുണ്ടെന്നും, ഇവർ നികുതി അടച്ചു വന്ന ഭൂമിയിലാണ് ഫ്ലാറ്റ് നിർമ്മിച്ചു നൽകിയതെന്ന് അവകാശപ്പെടുന്നുണ്ടെന്നും, സ്വന്തമായി ഉണ്ടായിരുന്ന ഭൂമിയിലാണ് അവർക്ക് 3 നിലകളിലായി ഫ്ലാറ്റ് നിർമ്മിച്ച് നൽകിയത് എന്നതിനാൽ ഊട്ടുകുറവകാശം കാണിച്ച് പട്ടയം നൽകുന്ന സാധ്യത പരിശോധിക്കാവുന്നതാണെന്നും, നിലവിൽ ഈ പ്രദേശങ്ങൾ കടലിന്റെ തീരത്ത് നിന്നും 150 മുതൽ 200 മീറ്റർ വരെ ദൂരെയാണെന്നും, കടലിനും ഈ പ്രദേശങ്ങൾക്കും മധ്യത്തിലൂടെ 25 മീറ്ററിലധികം

വീതിയുള്ള കൊല്ലം പോർട്ട് റോഡ് കടന്നു പോകുന്നുണ്ടെന്നും, കൊല്ലം തുറമുഖത്തിനായി ടെർമിനലും വാർഫും നിർമ്മിച്ചതിന്റെ ഭാഗമായി ഈ പ്രദേശത്ത് കടൽ തിരയോ, കടൽക്ഷോഭമോ ഒരു തരത്തിലും ബാധിക്കുന്നതല്ലെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4) പ്രളയകാലത്ത് കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്വന്തം വള്ളങ്ങളുമായി ദീർഘ ദൂരം പോയി പത്തനംതിട്ട, കോട്ടയം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ യാതൊരു പ്രതിഫലവും വാങ്ങാതെ നിരവധി ദിവസങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തി അനേകം പേരുടെ ജീവനും സ്വത്തും സംരക്ഷിച്ച മത്സ്യത്തൊഴിലാളികൾ ഈ പ്രദേശത്ത് താമസിച്ചവരാണെന്നും, കടലിന്റെ തീരത്തു താമസിച്ച് മത്സ്യബന്ധനം ഉപജീവനമാക്കി കഴിഞ്ഞുവരുന്ന ഇത്രയും സാധു കുടുംബങ്ങളെ മറ്റൊരിടത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുന്നത് തികച്ചും പ്രായോഗികമല്ലായെന്നും, മേൽ പറഞ്ഞ കാര്യങ്ങൾ പരിഗണിച്ച് നിലവിലെ ഭൂ പതിവ് ചട്ടപ്രകാരം പട്ടയം നൽകാൻ കഴിയാത്ത, കടൽ പുറമ്പോക്ക് എന്ന് റിക്കാർഡിൽ രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പ്രത്യേക കേസ്സായി പരിഗണിച്ച്, സർക്കാരിന്റെ പ്രത്യേക ഉത്തരവ് വാങ്ങി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5) കൊല്ലം പള്ളിത്തോട്ടം മുതൽ മൂതാക്കരവരെയുള്ള തീരദേശ മേഖലയിൽ താമസിച്ച വരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കേണ്ട സ്ഥലങ്ങൾ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 194, 196, 197, 198 എന്നിവയിൽ ഉൾപ്പെട്ട വരുന്നതാണെന്നും, 2011-ലെ CRZ വിജ്ഞാപന വ്യവസ്ഥ പ്രകാരം സർക്കാർ വക ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമില്ലെന്ന് കേരള തീരദേശ പരിപാലന അതോറിറ്റി അറിയിച്ചിട്ടുണ്ടെന്നും, രേഖകളിൽ കടൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും, എന്നാൽ കടലിൽ നിന്നും 100 മീറ്ററിലധികം ദൂരത്തിലുള്ളതുമായ പ്രദേശങ്ങൾ 1995-ലെ മുൻസിപ്പൽ/ കോർപ്പറേഷൻ ഭൂമി പതിവു ചട്ടപ്രകാരം പതിവിന് യോഗ്യമാണെന്നും, മേൽ സാഹചര്യത്തിൽ പ്രത്യേക കേസായി പരിഗണിച്ച്, ഭൂമി പതിച്ച് നൽകുന്നതിനുള്ള പ്രത്യേക ഉത്തരവ് നൽകണമെന്നുമാണ് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നതെന്നും, ആയതിനാൽ "കടൽ പുറമ്പോക്ക്" എന്ന് ലാൻഡ് രജിസ്റ്ററിലും ബി.ടി.ആറിലും രേഖപ്പെടുത്തിയിട്ടുള്ള, ചുവടെ പറയുന്ന പട്ടികയിലുള്ള ഭൂമിയുടെ ഇനം "തരിശ്" എന്ന് മാറ്റുന്നതിനും, പ്രസ്തുത ഭൂമിയിൽ മറ്റു തരത്തിലുള്ള അർഹത ഉറപ്പ് വരുത്തിക്കൊണ്ട് നിലവിലെ കൈവശക്കാർക്ക് 1995-ലെ ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവ് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

<u>പട്ടിക</u>

***<u>കൊല്ലം വെസ്റ്റ് വില്ലേജിൽ കടൽപുറമ്പോക്ക് എന്ന് രേഖപെടുത്തിയ ഭൂമിയുടെ വിശദാംശങ്ങൾ :</u>***

| ബ്ലോക്ക് നം | സർവേ നം | വിസ്തീർണം |
|---|---|---|
| 188 | 8, 9, 10 | 83.71 ആർസ് |
| 189 | 25 മുതൽ 30 വരെ | 84.40 ആർസ് |
| 192 | 67 | 01.20.46 ഹെക്ടർ |
| 194 | 34,35 | 58.70 ആർസ് |
| 196 | 78 മുതൽ 86 വരെ | 85.11 ആർസ് |
| 197 | 93 മുതൽ 98 വരെ | 01.15.69 ഹെക്ടർ |
| 198 | 170 മുതൽ 172 വരെ | 44.22 ആർസ് |

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1995-ലെ മുനിസിപ്പൽ/കോർപറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 6(2)(i) പ്രകാരം, കേരള ഭൂ സംരക്ഷണ നിയമം 1957, വകുപ്പ് 4-ൽ പുറമ്പോക്ക് എന്ന നിർവചനത്തിന് കീഴിൽ വരുന്ന സർക്കാർ ഭൂമി പതിവിനു വിധേയമല്ലാത്തതാകുന്നു. ആയത് പ്രകാരം കടൽപുറമ്പോക്ക് പതിവിന് വിധേയമല്ല. എന്നാൽ, പ്രസ്തുത ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 6(2)(v) പ്രകാരം കടൽത്തീരത്തെ ഉയർന്ന വേലിയേറ്റ അടയാളങ്ങളിൽ നിന്നും (High water mark) 100 ft (30.48 mtr) വരെയുള്ള ഭൂമികൾ പതിച്ചു നല്കാൻ പാടില്ല എന്ന് പറയുന്നു. എന്നിരുന്നാലും, ടി ദൂരപരിധിക്ക് അകത്തുള്ള ഭൂമി മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനായി താത്കാലികമായി പതിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. അതുപോലെ തന്നെ, 1995-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 6(3)(ii) പ്രകാരം, കടൽത്തീരത്തെ ഉയർന്ന വേലിയേറ്റ അടയാളങ്ങളിൽ നിന്നും (High water mark) 100 ft (30.48 mtr)-ന് പുറത്തുള്ള, എന്നാൽ 4 ഫർലോങിന് (2640 Ft) അകത്തു വരുന്നതുമായ ഭൂമി പതിച്ചു നൽകുന്ന അവസരത്തിൽ, ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകണമെന്ന് പറയുന്നുണ്ട്.

7) മേൽ സാഹചര്യത്തിൽ, മത്സ്യത്തൊഴിലാളികളുടെ പട്ടയ പ്രശ്നം ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട്, കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 194, 196, 197, 198 എന്നിവയിൽ ഉൾപ്പെട്ടു വരുന്ന, "കടൽ പുറമ്പോക്ക്" എന്ന് ലാൻഡ് രജിസ്റ്ററിലും ബി.ടി.ആറിലും രേഖപ്പെടുത്തിയിട്ടുള്ളതും, മുകളിൽ കാണിച്ചിട്ടുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ളതുമായ ഭൂമിയുടെ ഇനം "തരിശ്" എന്ന് മാറ്റുന്നതിനും, പ്രസ്തുത ഭൂമിയിൽ മറ്റു തരത്തിലുള്ള അർഹത ഉറപ്പ് വരുത്തിക്കൊണ്ട് നിലവിലെ കൈവശക്കാർക്ക് 1995-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചു നൽകുന്നതിനും പതിവധികാരിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

8) കൊല്ലം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
തഹസിൽദാർ, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
റവന്യൂ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
അണ്ടർ സെക്രട്ടറിക്ക്